സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ജീവനക്കാരുടെ സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 04/25/Est-I** നന്തൻകോട്, **10-01-2025**

---

പരാമർശം :- ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 07-01-2025 ലെ DA 16/25/E-I നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്പെഷ്യൽ ഡ്യൂട്ടി ചെയ്തുവരുന്ന ജീവനക്കാർക്ക് നൽകുന്ന അലവൻസ് വർദ്ധനവ് വരുത്തണമെന്ന് ബഹുമാനപ്പെട്ട ബോർഡ് താൽപര്യം അറിയിച്ചതിനെ തുടർന്ന് ടി വിഷയം സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസർ റിപ്പോർട്ട് സമർപ്പിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പാക്കിവരുന്ന ശമ്പള പരിഷ്ക്കരണത്തിൽ ദിനബത്ത (D.A.) വർദ്ധിപ്പിക്കാറുണ്ടെന്നും 01-01-2023 മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലും സംസ്ഥാന സർക്കാർ നടപ്പാക്കിയ സമാന മാതൃകയിൽ സ്പെഷ്യൽ ഡ്യൂട്ടി അലവൻസായ ദിനബത്ത വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടെന്നും മാത്രമല്ല KSR Part II Rule 59 പ്രകാരം 10 ദിവസം കഴിഞ്ഞിട്ടുള്ള സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് 75 % വും 20 ദിവസം കഴിഞ്ഞ് പിന്നീടുള്ള ദിനങ്ങളിലേക്ക് 50 % വും മാത്രമെ സ്പെഷ്യൽ ഡ്യൂട്ടി അലവൻസായി അനുവദിക്കാൻ പാടുള്ളൂവെന്നും എന്നാൽ ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി എന്നീ ദേവസ്വങ്ങളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് KSR Part II ൽ അനുശാസിക്കുന്ന മേൽപ്പറഞ്ഞ നിബന്ധന ഒഴിവാക്കി നൽകിയിട്ടുള്ളതും അതിന് പുറമെയായി ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ, ബാറ്റ തുടങ്ങിയവ കൂടി അധികമായി നൽകി വരുന്നുണ്ടെന്നും ഇപ്രകാരം നൽകിവരുന്ന ഇൻസെന്റീവ്, എക്സ്ഗ്രേഷ്യ, ബാറ്റ എന്നിവകളിൽ വർധനവ് വരുത്താവുന്നതാണെന്നും ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ റിപ്പോർട്ടിൽ വിവരിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയം ബോർഡ് വിശദമായി പരിശോധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിക്കും പ്രകാരം 14-11-2024 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

For Sabarimala & Malikappuram only

1. Bhandaram Special Officers

| Basic Pay | | DA | Batta | Incentive | *Exgratia | Total (per day) | |
|---|---|---|---|---|---|---|---|
| From | To | | | | | Up to 19 days | 20 days & above |
| | 39,299 | 350 | 90 | 130 | 150 | 570 | 720 |
| 39,300 | 69,999 | 500 | 90 | 130 | 150 | 720 | 870 |
| 70,000 | above | 600 | 90 | 130 | 150 | 820 | 970 |

2. Bhandaram Assistant Special Officers

| Basic Pay | | DA | Batta | Incentive | *Exgratia | Total (per day) | |
|---|---|---|---|---|---|---|---|
| From | To | | | | | Up to 19 days | 20 days & above |
| | 39,299 | 350 | 80 | 95 | 125 | 525 | 650 |
| 39,300 | 69,999 | 500 | 80 | 95 | 125 | 675 | 800 |
| 70,000 | above | 600 | 80 | 95 | 125 | 775 | 900 |

3. Bhandaram Special duty staff

| Basic Pay | | DA | Batta | Incentive | *Exgratia | Total (per day) | |
|---|---|---|---|---|---|---|---|
| From | To | | | | | Up to 19 days | 20 days & above |
| | 39,299 | 350 | 60 | 90 | 120 | 500 | 620 |
| 39,300 | 69,999 | 500 | 65 | 90 | 120 | 655 | 775 |
| 70,000 | above | 600 | 75 | 90 | 120 | 765 | 885 |

4. Other Special duty staff

| Basic Pay | | DA | Batta | Incentive | *Exgratia | Total (per day) | |
|---|---|---|---|---|---|---|---|
| From | To | | | | | Up to 19 days | 20 days & above |
| | 39,299 | 350 | 60 | 60 | 90 | 470 | 560 |
| 39,300 | 69,999 | 500 | 65 | 60 | 90 | 625 | 715 |
| 70,000 | above | 600 | 75 | 60 | 90 | 735 | 825 |

5. For Pamba, Nilackal

| Basic Pay | | DA | Batta | Incentive | *Exgratia | Total (per day) | |
|---|---|---|---|---|---|---|---|
| From | To | | | | | Up to 19 days | 20 days & above |
| | 39,299 | 350 | 60 | 45 | 70 | 455 | 525 |
| 39,300 | 69,999 | 500 | 65 | 45 | 70 | 610 | 680 |
| 70,000 | above | 600 | 75 | 45 | 70 | 720 | 790 |

* Exgratia 20 ദിവസമോ അതിൽ കൂടുതലോ തുടർച്ചയായി ജോലി ചെയ്യുന്നവർക്ക് മാത്രമായി നിജപ്പെടുത്തുന്നു.

- ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിൽ മണ്ഡലം മകരവിളക്ക് കാലയളവിലും മേടവിഷു അനുബന്ധിച്ചുള്ള നട തുറന്നിരിക്കുന്ന കാലഘട്ടത്തിലും മാത്രമെ പ്രസ്തുത ദേവസ്വങ്ങളിലെ തസ്തികകളിൽ ജോലി നോക്കുന്ന സ്ഥിരം ജീവനക്കാർക്ക് കൂടി ചെലവെഴുതുന്നത് അനുവദിക്കാൻ പാടുള്ളൂ.
- ശബരിമല ദേവസ്വത്തിൽ മാത്രം പ്രസാദ കരുതൽ നിർമ്മാണ കാലയളവിൽ എക്സിക്യൂട്ടീവ് ആഫീസിലെ ജീവനക്കാർക്ക് കൂടി ചെലവെഴുതാൻ അനുവദിക്കാവുന്നതാണ്. എന്നാൽ പുതുക്കിയ നിരക്ക് 14-11-2024 മുതലെ പ്രാബല്യത്തിൽ വരികയുള്ളൂ.
- ശബരിമലയിലെ other സ്പെഷ്യൽ ഡ്യൂട്ടി സ്റ്റാഫിന് അനുവദിച്ചിട്ടുള്ള അതേ നിരക്കിൽ തന്നെ സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് വണ്ടിപ്പെരിയാർ സത്രത്തിലെ സ്പെഷ്യൽ ഡ്യൂട്ടി നോക്കുന്ന ജീവനക്കാർക്കും നൽകാവുന്നതാണ്.
- എരുമേലി ഉൾപ്പെടെ ബോർഡിന് കീഴിലുള്ള മറ്റെല്ലാ ദേവസ്വങ്ങളിലും KSR Part II Rule 59 പ്രകാരം മാത്രമെ സ്പെഷ്യൽ ഡ്യൂട്ടി അലവൻസുകൾ ചെലവെഴുതാൻ പാടുള്ളൂ.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ബഹു: പ്രസിഡന്റിന്റെ പെഴ്സണൽ സെക്രട്ടറി
3. ബഹു: മെമ്പറുടെ പെഴ്സണൽ സെക്രട്ടറി
4. ~~സെക്ഷൻ ഫയൽ~~ ഐ.റ്റി.ഫിസിപ്രൻ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

X

SK